ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM

## പ്രധാനവാർത്തകൾ

DATE:05.07.2025

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബഹുരാഷ്ട്ര സന്ദർശനം തുടരുന്നു; ഇന്ന് അർജന്റീന പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തും.
2. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ സംസ്ഥാനത്ത്. തിങ്കളാഴ്ച ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനത്തിനെത്തും.
3. ആരോഗ്യ ടൂറിസത്തിന്റെ പ്രധാന കേന്ദ്രമായി ദക്ഷിണേന്ത്യ മാറിയതായി കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ.
4. സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക് സജ്ജമായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.
5. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പാചക ചെലവിനുള്ള തുക വർധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാമെന്ന് മന്ത്രി വി ശിവൻകുട്ടി.

************************************

RNU TVPM

## ഹെഡ്‌ലൈൻ-1

**പി എം - അർജന്റീന**

ബഹുരാഷ്ട്ര സന്ദർശനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അർജന്റീന പ്രസിഡന്റ് ജാവിയർ മിലിയുമായി കൂടിക്കാഴ്ച നടത്തും. അർജന്റീനയുമായുള്ള തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

ഘാന, Trini-dad & Tobago പര്യടനം വിജയകരമായി പൂർത്തിയാക്കിയ പ്രധാനമന്ത്രി ഇന്ന് രാവിലെയാണ് അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് ഐറിസിലെത്തിയത്.

*************************

**ബ്രിക്സ് ഉച്ചകോടി**

ബ്രസീലിലെ റിയോ ഡി ജനീറോയിൽ നാളെയും മറ്റന്നാളുമായി നടക്കുന്ന പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ഉച്ചകോടിക്ക് ശേഷം പ്രധാനമന്ത്രി തലസ്ഥാന നഗരമായ ബ്രസീലിയ സന്ദർശിക്കും. ഏകദേശം ആറ് പതിറ്റാണ്ടിനു ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസീലിയയിൽ എത്തുന്നത്. ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും.

*************************

## ഹെഡ്‌ലൈൻ-2

**ഉപരാഷ്ട്രപതി-സന്ദർശനം**

രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ കേരളത്തിൽ എത്തും. തിങ്കളാഴ്ച

RNUTVPM

അദ്ദേഹം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. പിന്നീട്, കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ വിദ്യാർത്ഥികളുമായും അധ്യാപകരുമായും ഉപരാഷ്ട്രപതി സംവദിക്കും.

*************************

ഹെഡ്‌ലൈൻ-2എ

**ഉപരാഷ്ട്രപതി ഗുരുവായൂർ**

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് ഗുരുവായൂർ ക്ഷേത്രത്തിൽ നിയന്ത്രണം. രാവിലെ എട്ട് മണി മുതൽ പത്തു മണി വരെ വിവാഹം, ചോറൂണ്, ക്ഷേത്ര ദർശനം എന്നിവയ്ക്ക് നിയന്ത്രണം ഉണ്ടാകും. ഉപരാഷ്ട്രപതിയുടെ സന്ദർശനം കഴിയുന്നതുവരെ തെക്കേ നടയുടെ ഇരുവശങ്ങളിലുമുള്ള കടകൾ തുറക്കരുതെന്നും നിർദേശമുണ്ട്.

RNU TVPM

*************************

ഹെഡ്‌ലൈൻ-3

**എൽ മുരുഗൻ**

മെഡിക്കൽ ടൂറിസത്തിന്റെ അടക്കം പ്രധാന കേന്ദ്രമായി ദക്ഷിണേന്ത്യ വളർന്നു കൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ.മുരുകൻ.

ആയുഷ്മാൻ ഭാരതിലൂടെ പാവപ്പെട്ടവർക്ക് അഞ്ച് ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ സർക്കാർ ഉറപ്പാക്കിയെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് ശ്രീ ഉത്രാടം തിരുനാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ 14-ാമത് ബിരുദദാന ചടങ്ങിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ അടുത്ത 25 വർഷം ഏറെ നിർണായകമാണെന്നും, കൂട്ടായ പരിശ്രമത്തിലൂടെ ലക്ഷ്യത്തിലെത്താൻ സാധിക്കുമെന്നും കേന്ദ്ര സഹമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു. സന്ദർശനം പൂർത്തിയാക്കി കേന്ദ്രസഹമന്ത്രി ഇന്ന് ചെന്നൈക്ക് തിരിക്കും.

*************************

**എംബി രാജേഷ് - കില (ഇൻട്രോ)**

**ഓണത്തിന് ഒരു ലക്ഷം തൊഴിൽ ലഭ്യമാക്കുക എന്ന** ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ പ്രത്യേക ക്യാമ്പയിന് തുടക്കം കുറിക്കുകയാണെന്ന് മന്ത്രി എംബി രാജേഷ്. വിജ്ഞാന കേരളത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീയും തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ക്യാമ്പയിൻ നടപ്പാക്കുക. തൃശൂരിലെ കിലയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

*************************

**വീണാ ജോർജ്ജ് - നിപ**

സംസ്ഥാനത്ത് വീണ്ടും നിപ സ്ഥിരീകരിച്ചതോടെ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. രോഗം സ്ഥിരീകരിച്ച പാലക്കാട് സ്വദേശിയായ യുവതി ചികിത്സയിലാണ്. കോഴിക്കോട് ജില്ലയിലെ സ്വകാര്യ ആശുപത്രിയിൽ മരിച്ച രോഗിയും നിപ

RNU TVPM

ബാധിതയാണെന്ന് പ്രാഥമിക പരിശോധനയിൽ തെളിഞ്ഞിരുന്നു. ആകെ 345 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളത്.

**************************

## കോഴിക്കോട് പാലക്കാട്-നിപ

നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര, കരിമ്പുഴ പഞ്ചായത്തുകളിൽ നിയന്ത്രണങ്ങൾ നിലവിൽ വന്നു. പ്രദേശത്തെ 3 കിലോമീറ്റർ ചുറ്റളവിൽ 6 വാർഡുകൾ കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിച്ചു. കോഴിക്കോട്, നിപയുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിന് പ്രത്യേക കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു.

RIU TVPM

**************************

## നിപ - അന്താരാഷ്ട്ര കോൺഫറൻസ്

നിപയും മറ്റ് ജന്തുജന്യ രോഗങ്ങളും – പ്രതിരോധ മാർഗങ്ങളുടെ സംയോജനം എന്ന വിഷയത്തിൽ ഈ മാസം 11 ന് തിരുവനന്തപുരത്ത് അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പകർച്ചവ്യാധി രോഗ വകുപ്പിന്റെയും കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റെസിലിയൻസിന്റെയും സഹകരണത്തോടെയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. അന്താരാഷ്ട്ര, ദേശീയ തലത്തിലുള്ള വിദഗ്ധർ പങ്കെടുക്കും.

**************************

## ഹെഡ്‌ലൈൻ-4
## സ്‌കിൻ ബാങ്ക്

കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്‌കിൻ ബാങ്ക് സജ്ജമായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. സ്‌കിൻ ബാങ്കിന്റെ ഉദ്ഘാടനം ലോക പ്ലാസ്റ്റിക് സർജറി ദിനമായ ജൂലൈ 15ന് നടക്കും. കോട്ടയം മെഡിക്കൽ കോളേജിലും സ്‌കിൻ ബാങ്ക് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി മന്ത്രി പറഞ്ഞു. അപകടങ്ങളിൽ ഗുരുതരമായി പൊള്ളൽ ഏറ്റവർക്ക് സ്‌കിൻ ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന ചർമ്മം നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വച്ചു പിടിപ്പിക്കുകയാണ് ചെയ്യുന്നത്.

RNU TVPM

**************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

**************************

## ഹെഡ്‌ലൈൻ-5
## വി ശിവൻകുട്ടി

ഇത്തവണത്തെ സംസ്ഥാന സ്കൂൾ കലോത്സവം തൃശ്ശൂരിലും സ്കൂൾ ഒളിമ്പിക്സ് തിരുവനന്തപുരത്തും സംഘടിപ്പിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് അധ്യാപക

സംഘടനാ പ്രതിനിധികളുടെ യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പാചക ചെലവിനുള്ള തുക വർധിപ്പിക്കണമെന്ന അധ്യാപക സംഘടനകളുടെ ആവശ്യം ചർച്ച ചെയ്ത് തീരുമാനിക്കാം എന്ന് മന്ത്രി അറിയിച്ചു. സ്കൂളുകളുടെ പുതിയ സമയക്രമത്തിനും യോഗത്തിൽ അംഗീകാരമായി.

*************************

**ആർ ബിന്ദു**

കോട്ടയം മെഡിക്കൽ കോളേജ് അപകടത്തിൽ മരിച്ച ബിന്ദുവിന്റെ വീട് ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള നാഷണൽ സർവീസ് സ്കീം നവീകരിച്ചു നൽകുമെന്ന് മന്ത്രി ആർ ബിന്ദു. ബിന്ദുവിന്റെ കുടുംബാംഗങ്ങളെ ഫോണിൽ വിളിച്ചാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. മകൾ നവമിയുടെ ചികിത്സയും മകൻ നവനീതിന്റെ തുടർപഠനവും ഇതിനകം സർക്കാർ ഏറ്റെടുത്തതായും മന്ത്രി ബിന്ദു പറഞ്ഞു.

RNU TVPM

*************************

**അടിയന്തര സിൻഡിക്കേറ്റ് യോഗം**

കേരള സർവ്വകലാശാലയിൽ നാളെ അടിയന്തര സിൻഡിക്കേറ്റ് യോഗം ചേരും. രാവിലെ 11 മണിക്ക് പാളയം സർവ്വകലാശാലാ ആസ്ഥാനത്താണ് യോഗം. രജിസ്ട്രാറെ സസ്പെൻഡ് ചെയ്ത നടപടി ഉൾപ്പെടെയുള്ളവ ചർച്ചാ വിഷയമാകുമെന്നാണ് റിപ്പോർട്ട്.

*************************

**മഴ**

സംസ്ഥാനത്ത് അടുത്ത 5 ദിവസം മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂർ, കാസർകോട് ജില്ലകളിലെ തീരങ്ങളിൽ കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെ നാളെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

*************************

ഇടുക്കി - മാ കെയർ (ഇൻട്രോ)

ഇടുക്കിയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിൽ 'മാ കെയർ' കിയോസ്കുകൾക്ക് തുടക്കമായി. കുടുംബശ്രീയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

*************************

ക്രിക്കറ്റ്

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരായ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. നാലാം ദിനമായ ഇന്ന് ഒരു വിക്കറ്റിന് 64 റൺ എന്ന നിലയിൽ ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ മൂന്ന് വിക്കറ്റിന് 217 റൺസ് എന്ന

RNU TVPM

നിലയിലാണ്. ഇന്ത്യക്ക് നിലവിൽ 397 റൺസിന്റെ ലീഡാണുള്ളത്.

*************************

## അംപയറിങ് പരീക്ഷ

അഹമ്മദാബാദിൽ നടന്ന BCCI ലെവൽ 2 അംപയറിങ് പരീക്ഷയിൽ കണ്ണൂർ സ്വദേശിയായ ജിഷ്ണു അജിത്തും മലപ്പുറം സ്വദേശി എം എസ് ഭരതും വിജയിച്ചു. 152 പേർ പങ്കെടുത്ത പരീക്ഷയിൽ 26 പേരാണ് വിജയിച്ചത്. പരീക്ഷയിൽ ആറാം റാങ്ക് കരസ്ഥമാക്കിയ ജിഷ്ണുവിന് ഇനി ബി സി സി ഐ യുടെ മൽസരങ്ങൾ നിയന്ത്രിക്കാനാവും.

*************************

RNJ TVPM

## മൻ കി ബാത്ത് - ടാലന്റ് ഹണ്ട്

മൻ കി ബാത്തിന്റെ അഞ്ചാം സീസൺ ടാലന്റ് ഹണ്ട് താലൂക്ക് തല പരിപാടി നാളെ നടക്കും. വർക്കല അയിരൂർ എം ജി എം മോഡൽ സ്കൂളിൽ നടക്കുന്ന പരിപാടി ഗോവ ഗവർണർ പി.എസ്.ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യും. കേന്ദ്ര യുവജന കാര്യ - കായിക മന്ത്രാലയത്തിന് കീഴിലുള്ള മേര യുവ ഭാരത് കേരളമാണ് പരിപാടി സംഘടിപ്പിക്കുന്നത്.

*************************

## വി എസ് അച്ച്യുതാനന്ദൻ

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദന്റെ ആരോഗ്യനില മാറ്റമില്ലാതെ

തുടരുന്നതായി മെഡിക്കൽ ബുള്ളറ്റിൻ. ഇന്നലെ ഡയാലിസിസിന് വിധേയനാക്കിയ അദ്ദേഹം മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെന്ന് മകൻ അറിയിച്ചിരുന്നു.

*************************

## വയലാർ ഗോപാലകൃഷ്ണൻ

ബാലസാഹിത്യകാരനും കവിയും പ്രഭാഷകനുമായ ആലപ്പുഴ വയലാർ ഗോപാലകൃഷ്ണൻ നിര്യാതനായി. 77 വയസായിരുന്നു. സംസ്കാരം നാളെ രാവിലെ 11 മണിക്ക് വലിയ ചുടുകാട്ടിൽ നടക്കും.

*************************

## മനുഷ്യാവകാശ കമ്മീഷൻ-കണ്ണൂർ

കണ്ണൂർ വളപട്ടണം പാലത്തിലെ കുഴികൾ അപകടങ്ങൾക്ക് കാരണമാകുന്നുവെന്ന പരാതി അടിയന്തരമായി പരിശോധിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. കണ്ണൂർ ദേശീയ പാതാ അതോറിറ്റി പ്രോജക്റ്റ് ഡയറക്ടർ പരാതി പരിശോധിച്ച് 10 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ഉത്തരവിട്ടു.

*

***********

****************************************

RNUTVPM